പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
കേരളസർക്കാർ

# അക്കാദമിക മാസ്റ്റർ പ്ലാൻ


പനമ്പറ്റ ന്യൂ യു പി സ്കൂൾ, മാലൂർ

തോലമ്പ്ര. പി.ഒ– 670 673

email: panambattanewups@gmail.com

## മുഖ്യ ലക്ഷ്യങ്ങൾ

1. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന രീതിയിൽ സ്കൂൾ അന്തരീക്ഷം മാറ്റിയെടുക്കും.
2. തുല്ല്യതയ്ക്കും ഗുണതയ്ക്കും ഊന്നൽ നൽകികൊണ്ടുള്ള പഠനപ്രക്രിയ നടത്തും.
3. ലോവർ പ്രൈമറി ക്ലാസിൽ തന്നെ എല്ലാവിഷയങ്ങളിലെയും അടിസ്ഥാനശേഷി ഉറപ്പു വരുത്തും.
4. സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും പ്രതീക്ഷിത പഠനനേട്ടങ്ങൾ കുട്ടി കൈവരിക്കും.
5. കലാ- കായിക- രംഗത്തും സാമൂഹിക-, സാംസ്കാരിക രംഗത്തും പ്രതിഭകളെ വാർത്തെടുക്കും.
6. വൈവിധ്യമാർന്ന പഠനാവസരങ്ങൾ ഒരുക്കും.

## മുഖ്യ ലക്ഷ്യങ്ങളുടെ ഉപലക്ഷ്യങ്ങൾ

1. വിദ്യാലയം ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ അന്തരീക്ഷം മാറ്റിയെടുക്കും.
   - ജൈവവൈവിധ്യ ഉദ്യാനം ശാക്തീകരിക്കൽ.
   - ശിശുസൗഹൃദ ക്ലാസ് മുറികൾ ഒരുക്കൽ.
   - ഭൂപടങ്ങൾ, കവികൾ, വചനങ്ങൾ, സ്നേഹചിത്രങ്ങൾ അടങ്ങിയ ചുവരുകളും കോർണറുകളും ഒരുക്കൽ.
   - ലൈബ്രറി, ലാബ്, സ്മാർട്റൂം, ദൃശ്യ- ശ്രാവ്യ ഉപകരണങ്ങൾ തുടങ്ങിയവ ശാക്തീകരിക്കൽ.

2. തുല്ല്യതയ്ക്കും ഗുണതയ്ക്കും ഊന്നൽ നൽകികൊണ്ടുള്ള പഠനപ്രക്രിയ നടത്തും
   - ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ട് പഠന പ്രവർത്തനങ്ങൾ ഒരുക്കൽ.
   - കുട്ടികളുടെ എല്ലാ ആവിശ്യങ്ങളും പൂർത്തീകരിച്ചു നൽകുക.
   - സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും തന്റെ ജീവിതാഭിരുചി തിരഞ്ഞെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
   - പഠനപ്രശ്നങ്ങൾ പരിഹരിക്കാൻ യഥാസമയം പരിഹാര നടപടികൾ സ്വീകരിക്കും.

3. ലോവർ പ്രൈമറി ക്ലാസുകളിൽ തന്നെ എല്ലാവിഷയങ്ങളിലേയും അടിസ്ഥാനശേഷി ഉറപ്പുവരുത്തും.

- ഇംഗ്ലീഷ്, ഹിന്ദി, മലയാളം, എന്നീ ഭാഷയിൽ ആശയവിനിമയം സാധ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.
- എഴുത്ത്, വായന തുടങ്ങിയ സങ്കേതങ്ങൾ ആവശ്യമായ രീതിയിൽ, അളവിൽ കുട്ടി സ്വായത്തമാക്കും.
- പരീക്ഷണം, നിരീക്ഷണം, നിഗമനം എന്നിവയിലെത്താൻ വൈവിധ്യമാർന്ന തന്ത്രങ്ങൾ ഗണിതം, ശാസ്ത്രം എന്നിവയിലൊരുക്കും.

4. സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും എല്ലാ പഠനനേട്ടങ്ങളും കുട്ടി കൈവരിക്കും.

- എല്ലാ വിഷയങ്ങളിലേയും പഠനനേട്ടങ്ങൾ കുട്ടികളേയും രക്ഷിതാക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തും.
- എല്ലാ പഠനനേട്ടവും കുട്ടി സ്വാംശീകരിക്കും.
- പഠനനേട്ട കലണ്ടർ വ്യക്തിഗതമായി ഏർപ്പെടുത്തും.
- മോണിറ്ററിംഗ് സെൽ രൂപീകരിക്കും.
- പഠനനേട്ടങ്ങളുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കും.
- പ്രതിസന്ധി നേരിടുന്ന കുട്ടികൾക്ക് സ്പെഷ്യൽ പ്രോഗ്രാം വിഭാവനം ചെയ്യും (മലയാളത്തിളക്കം, ശ്രദ്ധ മോഡൽ).
- CPTA ശാക്തീകരിക്കൽ.

5. കലാ, കായിക, സാമൂഹ്യ, സാംസ്കാരിക രംഗത്ത് പ്രതിഭകളെ വാർത്തെടുക്കും.

- ക്ലാസ്മുറിയിലെ പാഠപുസ്തകത്തിന്റെ ഭാഗമായി സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ എല്ലാ സാധ്യതകളും പ്രയോജന പ്പെടുത്തും.
- കുട്ടികളിൽ സഹൃദയത്വവും വിമർശനബുദ്ധിയും ഒരുപോലെ വളർത്തിയെടുക്കും.
- ശില്പശാലകൾ, സർഗ്ഗോത്സവങ്ങൾ, മത്സരങ്ങൾ, അവാർഡുകൾ, പരിശീലന കളരികൾ, നിർമ്മാണ ക്യാമ്പുകൾ, അഭിമുഖങ്ങൾ, ക്ലാസുകൾ, പഠനയാത്രകൾ, സന്ദർശനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കും.

- CPTA, PTA, സന്നദ്ധ സംഘടനകൾ, എന്നിവയുമായി സഹകരിച്ച് സാമൂഹ്യപങ്കാളിത്തത്തോടെ പരിപാടികൾ നടത്തും.

6. വൈവിധ്യമാർന്ന പഠനാവസരങ്ങൾ ഒരുക്കും.

- പഠനതാൽപര്യം, സജീവ പങ്കാളിത്തം എന്നിവ ഉറപ്പുവരുത്താൻ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തും.
- സമഗ്രവും സൂക്ഷ്മവുമായ യൂണിറ്റ് ആസൂത്രണങ്ങൾ മുൻകൂട്ടി തയ്യാറാക്കും, മോണിറ്ററിംഗ് നടത്തും
- ആശയപരം, ഭാഷാപരം, സർഗ്ഗാത്മകപരം തുടങ്ങിയ സാധ്യതകൾ ഉൾക്കൊള്ളിച്ച പഠനപ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ മുൻകൂട്ടി തയ്യാറാക്കി പ്രദർശിപ്പിക്കും.
- വായനാക്കൂട്ടം, എഴുത്തുകൂട്ടം തുടങ്ങിയവ രൂപീകരിച്ച് പരസ്പരപൂരകമായി വിദ്യാർത്ഥികളെ പഠനപ്രവർത്തനത്തിൽ ഉൾച്ചേർക്കും.
- കുട്ടികൾക്ക് അസംബ്ലി, ആകാശവാണി ക്ലബ്, ഹരിതസേന തുടങ്ങിയവയിലൂടെ പഠനപ്രക്രിയകൾ അവതരിപ്പിക്കും.

## പദ്ധതി രൂപീകരണ പ്രക്രിയ

## 1. ഭാഷ: മലയാളം, ഇംഗ്ലീഷ്, ഹിന്ദി

## മുഖ്യലക്ഷ്യങ്ങൾ

1. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താൻ പ്രാപ്തരാകും.
2. വിദ്യാലയപഠനം പൂർത്തീയാകുമ്പോഴേക്കും ഭാഷയിലെ വിവിധ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ പ്രാപ്തരാകും.
3. വിദ്യാലയത്തിലെ ഓരോ വിദ്യാർഥിയും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ നടത്താനുള്ള കഴിവു വികസിപ്പിക്കും.
4. ക്ലാസിന്റെ നിലവാരമനുസരിച്ച് കുട്ടികൾ ഭാഷാപഠനത്തിലെ വിവിധ പഠനനേട്ടങ്ങൾ കരസ്ഥമാക്കും.

## ഉപലക്ഷ്യങ്ങൾ

1.1. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം വായിക്കാനും എഴുതാനും അവതരിപ്പിക്കാനും കഴിവുനേടും.

1.2. ഭാഷാപഠനത്തിലെ അടിസ്ഥാനശേഷികൾ കൈവരിക്കുന്നതിൽ പ്രതിസന്ധി നേരിടുന്നവർക്ക് പ്രത്യേകബോധനപ്രക്രിയ നടത്തും.

2.1. ഭാഷയിലെ വിവിധ വ്യവഹാരങ്ങൾ പരിചയപ്പെടുന്നതിനും അനുഭവിക്കുന്നതിനും ക്ലാസന്തരീക്ഷം അനുയോജ്യമായ രീതിയിൽ ക്രമീകരിക്കും.

2.2. ലൈബ്രറി ശാക്തീകരിക്കും

2.3. ഭാഷാ വ്യവഹാര രൂപങ്ങളിൽ അനുയോജ്യമായ ആശയ പ്രകടനത്തിന് തന്ത്രപൂർണമായ പഠനബോധനപ്രക്രിയ നടത്തും. മൂല്യനിർണയം നിരന്തരമായി നടത്തും.

3.1. വിവിധ ക്ലാസുകളിൽ യൂണിറ്റടിസ്ഥാനത്തിൽ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കും.

3.2. ഉയർന്ന സർഗ്ഗാത്മകശേഷികൾ കൈവരിക്കാൻ ഭൗതിക പിന്തുണയോടെ അനുഭവങ്ങൾ ഒരുക്കും.

3.3. പ്രതിഭോത്സവം സംഘടിപ്പിക്കും.

4.1. യൂണിറ്റ് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.

4.2. പഠന നേട്ടങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്ക് മുൻധാരണ നൽകും. പഠനനേട്ട കലണ്ടർ വ്യക്തിഗതമായി നിർമ്മിക്കും. പഠനനേട്ടം കൈവരിച്ചതിന്റെ തെളിവുകൾ പൊതുജനസമക്ഷം അവതരിപ്പിക്കും.

# മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | പിന്തുണ ചുമതല |
|---|---|---|---|---|---|---|
| 1 | അടിസ്ഥാന ശേഷി നേടുന്നതിന് | ■ നിറവ് (അക്ഷരം ഉറപ്പിക്കൽ)<br>• അക്ഷരകേളി<br>• അക്ഷരപ്പാട്ട്<br>• അക്ഷരക്കാർഡ്<br>• അക്ഷരചിത്രം<br>(മൂല്യനിർണയം: വിട്ടുപോയവരെ കണ്ടെത്താം.)<br>• തുടർപ്രവർത്തനങ്ങൾ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | 500.00 | ക്ലാസ്<br>അധ്യാപകൻ | SCERT<br>SRG<br>BRC<br>DIET<br>ഭാഷാധ്യാപകൻ |
| | | ■ മധുരപ്പായസം (അടയാളം ഉറപ്പിക്കൽ)<br>• ആഭരണം അണിയാം<br>• ചിഹ്നസൂര്യൻ / സൂര്യകിരണം<br>(മൂല്യനിർണയം: വിലയിരുത്തൽ) കാർഡ് | ജൂൺ<br>ജൂലൈ<br>ആഗസ്ത് | 200.00 | ക്ലാസ്<br>അധ്യാപകൻ | SRG<br>ഭാഷാധ്യാപകൻ |
| | | ■ വാക്കുപൂക്കൾ (പദങ്ങൾ ഉറപ്പിക്കൽ)<br>• പദകേളി<br>• പദകലണ്ടർ<br>• പദച്ചങ്ങല<br>• പദപ്പയറ്റ്<br>• പദപ്രശ്നം<br>(മൂല്യനിർണയം: പദപ്രശ്നം) | ജൂൺ<br>ജൂലൈ<br>ആഗസ്ത് | 500.00 | ക്ലാസ്<br>അധ്യാപകൻ | SCERT<br>SRG<br>ഭാഷാധ്യാപകൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | പിന്തുണ ചുമതല |
|---|---|---|---|---|---|---|
| | | ■ എന്റെ തീവണ്ടി (വാക്യരചന)<br>• മേനി പറയൽ<br>• വാക്യകേളി<br>• അടിക്കുറിപ്പ് രചന<br>• വരികൾ ചേർക്കാം<br>(മൂല്യനിർണയം: ചിത്രനിഘണ്ടു) | ഒക്ടോബർ<br>നവമ്പർ<br>ഡിസംബർ | | ക്ലാസ് അധ്യാപകൻ | CPTA<br>BRC<br>SRG<br>ഭാഷാധ്യാപകൻ |
| | | ■ മിന്നാമിന്നി (കഥാലോകത്തേക്ക്)<br>• ചിത്രം- കഥ പറയൽ<br>• ചിത്രം- കഥയെഴുതൽ<br>• കഥാപൂർത്തീകരണം<br>1. ഭാഷണം 2. ലേഖനം.<br>• കഥയിൽ നിന്ന് നാടകം<br>• കവിതാസ്വാദനം<br>• കൂടെ ചൊല്ലൽ<br>• ഈണം കണ്ടെത്തി ചൊല്ലൽ<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• കഥയിൽ നിന്ന് കവിതയിലേക്ക്<br>(മൂല്യനിർണയം: കാവ്യകേളി, കഥാസാഗരം, നാടകക്യാമ്പ്.) | ജനുവരി<br>ഫിബ്രവരി<br>മാർച്ച് | 1000.00 | ക്ലാസ് അധ്യാപകൻ | SRG<br>PTA<br>ഭാഷാധ്യാപകൻ<br>BRC |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | പിന്തുണ ചുമതല |
|---|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | • വായനാക്കൂട്ടം രൂപീകരണം (ജൂൺ)<br>• ക്ലാസ് ലൈബ്രറി നവീകരണവും പ്രയോജനപ്പെടുത്തലും<br>• വായനോത്സവം<br>• പത്രവായന<br>• പത്രവായനാമത്സരം<br>• ഇ- വായന<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വായനാ കാർഡ്<br>(മൂല്യനിർണയം: വായനാകൂട്ടം മോണിറ്ററിംഗ്) | I,II,III ടേമുകൾ | 10,000.00 | ക്ലാസധ്യാപകൻ SRG, CPTA | PTA<br>SRG<br>ഗ്രന്ഥശാല<br>BRC<br>CPTA<br>ഭാഷാധ്യാപകൻ |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• ക്ലാസ് എഡിറ്റോറിയൽ ബോർഡ് ചുമതല<br>• എഴുത്തുമൂല<br>• എഴുത്തുചുമരുകൾ<br>• കയ്യെഴുത്തുപത്രം<br>• ചുമർ പത്രിക<br>• കയ്യെഴുത്തുമാസിക (വ്യക്തി, സംഘം)<br>• എന്റെ പുസ്തകം<br>• താളിയോല നിർമാണം<br>• ശേഖരണപുസ്തകം<br>• നാട്ടറിവ് മേള<br>• നാട്ടറിവ് പതിപ്പ് (പ്രൊജക്ട്)<br>• ഔഷധ വിദ്യപരിചയം + കുറിപ്പ്<br>• അഭിമുഖം<br>• ആദരിക്കൽ | Aug, Dec, Mar. | 10,000.00 | ക്ലാസ് അധ്യാപകൻ<br>SRG<br>CPTA<br>PTA | SRG<br>BRC<br>SSA<br>മാനേജ് മെന്റ്<br>ഭാഷാധ്യാപകൻ<br>CPTA |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | പിന്തുണ ചുമതല |
|---|---|---|---|---|---|---|
| | | • റിപ്പോർട്ടുകൾ<br>• അവാർഡുകൾ<br>• ആൽബം നിർമ്മാണം<br>• എഴുത്തു കൊട്ട (മൂല്യ നിർണയം: എഴുത്തുകളും മോണിറ്ററിംഗ്) | | 2,000.00 | | |
| 4. | സാമൂഹ്യ പങ്കാളിത്തം, സേവനം, എന്നിവയില ധിഷ്ഠിതമായ മനോഭാവം വളർത്തുക. | • ദിനാചരണങ്ങൾ<br>• സന്ദർശനങ്ങൾ<br>• ക്യാമ്പുകൾ<br>• യാത്രകൾ<br>• സഹവാസ ക്യാമ്പുകൾ<br>• പ്രത്യേക ക്ലാസുകൾ | ജൂൺ-മാർച്ച് | 10,000.00 | SRG | PTA,<br>CPTA,<br>SRG,<br>BRC,<br>സാംസ്കാരിക സംഘടനകൾ<br>ഭാഷാധ്യാപകൻ |
| 5. | സർഗ്ഗശേഷി ഉണർത്തി പ്രതിഭാശാലി യാക്കുക | • അഭിനയക്കളരി<br>• ചിത്രോത്സവം<br>• പ്രസംഗകളരി<br>• ശില്പശാല<br>• ക്യാമ്പുകൾ<br>• ആലാപനകളരി തുടങ്ങിയവ | ജൂൺ-ഫിബ്രവരി | 10,000.00 | SRG<br>PTA | BRC<br>PTA<br>CPTA<br>SRG<br>ഭാഷാധ്യാപകൻ |

## ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | പിന്തുണ ചുമതല |
|---|---|---|---|---|---|---|
| 1. | ഒന്നു മുതൽ 7 വരെ ക്ലാസിലുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ സാധിക്കുന്നു. | വായനാ കാർഡുകൾ ഇംഗ്ലീഷ് നിഘണ്ടു കഥാ പുസ്തകങ്ങൾ കുട്ടിക്കവിതകൾ | ജൂൺ-ആഗസത് | 500/- | | ക്ലാസ് അധ്യാപകർ |
| 2. | ഇംഗ്ലീഷ് ഭാഷാ പഠനം ലളിതവും രസകരവും ആക്കുന്നു. | ഇംഗ്ലീഷ് അസംബ്ലി, പത്രവായന, ക്വിസ്, പദസൂര്യൻ, ഹലോ ഇംഗ്ലീഷ്, ലളിതമായ കളികൾ, മഹത് വചനങ്ങൾ | ജൂലൈ-മാർച്ച് | | | എസ്.ആർ ജി കൺവീനർ ഇംഗ്ലീഷ്-അധ്യാപകർ ക്ലാസ് അധ്യാപകർ |
| 3. | അധികവായന പ്രോത്സാഹിപ്പിക്കുന്നതിനായി ഇംഗ്ലീഷ് ലൈബ്രറി | ലളിതമായ കഥകൾ, കവിതകൾ, നിഘണ്ടു | സെപ്റ്റംബർ മാർച്ച് | | | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചിന്തുണ ചുമതല |
|---|---|---|---|---|---|---|
| 4. | നിരന്തര മൂല്യനിർണയത്തിനു ശേഷം പഠന നേട്ടം കൈവരിക്കാത്ത കുട്ടികളെ കണ്ടെത്തും | വർക്ക് ഷീറ്റ്<br>ചിത്ര വായന<br>വായനാ കാർഡുകൾ | | 500/- | | |
| 5. | ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ക്വിസ്, വായനാ മത്സരം പോസ്റ്റർ നിർമ്മാണം വാർത്ത-വായന | ജൂൺ-മാർച്ച് | | | ഇംഗ്ലീഷ്-അധ്യാപകർ |
| 6. | ഇംഗ്ലീഷ് ആസാദ്യകര മാക്കുന്നു | റേഡിയോ പ്രക്ഷേപണം | ജൂലൈ മാർച്ച് | | | ക്ലാസ് - അധ്യാപകർ |
| 7. | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്താൻ വേണ്ടി | Hello English<br>സ്കിറ്റ്<br>സ്പീച്ച്<br>ചുമർ പത്രിക<br>ഇംഗ്ലീഷ് ഫെസ്റ്റ് | ഓരോ ടേമിലും | 2000/- | | ഇംഗ്ലീഷ്-അധ്യാപകർ<br>H M<br>SRG |

## ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | ഹിന്ദി ഭാഷയോട് ആഭിമുഖ്യം വളർത്തുക | എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ് | ജൂൺ മാസം | 500 | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകൻ |
| 2. | ഹിന്ദി പഠനം | ഹഫ്തേകാ ശബ്ദ് (ആഴ്ചയിലെ വാക്ക്) | ജൂൺ മുതൽ തുടർച്ച | | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകൻ |
| 3. | ഹിന്ദി പഠനം രസകരവും ആകർഷ കവുമാക്കുക | ഹിന്ദി അസംബ്ലി മാസത്തിലൊരി ക്കൽ<br>• പ്രാർഥന<br>• പ്രതിജ്ഞ<br>• വാർത്ത<br>• പുസ്തക പരിചയം | ജൂൺ മുതൽ മാർച്ച് വരെ | | H M | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്ബ് |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 4. | ഹിന്ദി ഭാഷയിലെ പുസ്തകങ്ങൾ വായിക്കുക. | ഹിന്ദി വായന 'പുസ്തകാലയ്' | ജൂൺ മുതൽ മാർച്ച് വരെ | 10000 | SRG<br>PTA<br>ഹിന്ദി അധ്യാപകൻ, | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്ബ് |
| 5. | പഠന പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് ഉടൻ പരിഹാര നടപടി സ്വീകരിക്കുന്നു | വായനാ കാർഡുകൾ തയ്യാറാക്കൽ (പഴം, പച്ചക്കറി, പക്ഷികൾ, മൃഗങ്ങൾ, രാഷ്ട്രനേതാക്കൾ etc.) | ജൂൺ ജൂലായ് ആഗസ്ത് | 1000 | CPTA<br>ഹിന്ദി അധ്യാപകൻ, | ഹിന്ദി അധ്യാപകൻ |
| 6. | ഹിന്ദി ഭാഷയിൽ എഴുതാനും അവതരിപ്പിക്കാനുമുള്ള കഴിവ് വികസിപ്പിക്കുന്നു. | സ്വതന്ത്ര രചന<br>• കഥ<br>• ഡയറി<br>• ലേഖനം<br>• മാസിക | ജൂലായ് ആഗസ്ത് ഒക്ടോബർ, നവംബർ ജനുവരി ഫിബ്രവരി | 1000 | CPTA<br>PTA<br>SRG | ഹിന്ദി അധ്യാപകൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 7. | ദേശ സ്നേഹം വളർത്തുന്നു. സാമൂഹ്യ പ്രതിബന്ധത വളർത്തുന്നു | ഹിന്ദി മത്സരങ്ങൾ ദിനാചരണങ്ങൾ | ഒക്ടോബർ, നവംബർ ജനുവരി | | SRG PTA | PTA BRC, അധ്യാപകർ |
| 8. | ഹിന്ദി പഠനം പ്രോത്സാഹിപ്പിക്കുന്നു | മെഗാ ക്വിസ്സ് | ജൂലായ്, ആഗസ്ത് ഒക്ടോബർ, നവമ്പർ ജനുവരി ഫിബ്രവരി | 2000 | SRG ഹിന്ദി അധ്യാപകൻ, | ഹിന്ദി അധ്യാപകൻ, |
| 9. | ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകി ഹിന്ദി പഠനം സാധ്യമാക്കുന്നു. | ഭിന്നശേഷിക്കാർ എഴുത്ത്, വായന, അവതരണം | അധ്യയന വർഷം മുഴുവൻ | | CPTA ഹിന്ദി അധ്യാപകൻ | അധ്യാപകർ BRC, CPTA |

# അടിസ്ഥാന ശാസ്ത്രം

## ലക്ഷ്യങ്ങൾ:

1. ഓരോ ക്ലാസ്സിലും നേടേണ്ട ശാസ്ത്രധാരണകൾ ശേഷികൾ എന്നിവ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
2. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും പ്രാപ്തരാക്കുക.
3. പഠനത്തെ പരിസരമായി ബന്ധിപ്പിച്ചും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും സ്കൂളും ക്യാമ്പസ്സും ജൈവ വൈവിധ്യ സംരക്ഷണ പ്രദേശമാക്കി മാറ്റുക.'
4. ആധുനിക വിവര-സാങ്കേതിക വിദ്യ ഉപയോഗിച്ച് ശാസ്ത്ര പഠനം മികവുറ്റതാക്കുക.
5. കുട്ടികളെ സ്വന്തമായി പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പര്യാപ്തമാക്കുന്നതിനായി നവീകരിച്ച ശാസ്ത്രലാബ് പ്രയോജനപ്പെടുത്തുക.
6. ശാസ്ത്ര ലൈബ്രറി പ്രയോജനപ്പെടുത്തി കുട്ടികളുടെ വായനശീലം വർദ്ധിപ്പിക്കുകയും അതുവഴി അവരുടെ വിജ്ഞാന മേഖല വിപുലീകരിക്കുക.
7. സ്കൂൾ സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ സാമൂഹിക മാറ്റങ്ങൾക്ക് ഉതകുംവിധം ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
8. ശാസ്ത്രീയ വീക്ഷണം കുട്ടികളിലും രക്ഷിതാക്കളിലും വളർത്തിയെടുക്കുകയും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുകയും ചെയ്യുക.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | 5 | • **ലാബ് അറിയൽ** കുട്ടികളെ സ്കൂൾ ലാബിലെ ഉപകരണങ്ങൾ, ക്രമീകരണങ്ങൾ എന്നിവ പരിചയപ്പെടുത്തുക. | ജൂൺ | | SRG | സയൻസ് അധ്യാപ കൻ |
| 2. | 2 | • **ക്ലാസ് സയൻസ് കോർണർ** ഓരോ ക്ലാസ്സിലെയും കുട്ടി കൾക്ക് പരീക്ഷണ നിരീക്ഷ ണ പ്രവർത്തനങ്ങൾക്കായി ക്ലാസ്സിൽ ഒരു ലാബ് (കോർ ണർ) സജ്ജീകരിക്കൽ | ജൂൺ | | SRG | SRG<br>PTA<br>സയൻസ് അധ്യാപ കൻ |
| 3. | 5 | • **സയൻസ് കിറ്റ്** ഓരോ കുട്ടികൾക്കും സ്വന്തമായി പരീക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലോ കോസ്റ്റ് മെറ്റീരിയൽസും സീറോ കോസ്റ്റ് മെറ്റീരിയൽസും അടങ്ങിയ കിറ്റ്. | ജൂൺ | | SRG | SRG<br>PTA<br>സയൻസ് അധ്യാപ കൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 4. | 4 | • ICT- യിലൂടെ ശാസ്ത്രക്ലാസ്സുകൾ ICT സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തുക. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ പരിചയപ്പെടുക | ജൂൺ മുതൽ മാർച്ച് വരെ | 50,000/- | SRG | SSA<br>SRG<br>PTA |
| 5. | 3 | • ശാസ്ത്ര പഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.<br>പരിസര നിരീക്ഷണം<br>വാന നിരീക്ഷണം<br>ശാസ്ത്ര ക്ലാസ്സുകൾ<br>ശാസ്ത്ര പ്രൊജക്റ്റുകൾ<br>പക്ഷി നിരീക്ഷണം<br>ആൽബങ്ങൾ<br>പതിപ്പുകൾ<br>അഭിമുഖം | ജൂൺ മുതൽ മാർച്ച് വരെ | 15,000 | SRG | SSA<br>SRG<br>PTA |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 6. | 7 | • **ശാസ്ത്ര പഠനം സമൂഹത്തിനൊപ്പം**<br>ശാസ്ത്ര ക്യാമ്പുകൾ<br>ഫീൽഡ് ട്രിപ്പുകൾ<br>ശാസ്ത്ര സെമിനാറുകൾ<br>ശാസ്ത്ര ക്ലാസ്സുകൾ. | ഒരു ടേമിൽ ഒന്ന് | 10000/- | SRG<br>SSA | SSA<br>SRG<br>PTA |
| 7. | 6 | • **ശാസ്ത്ര പുസ്തകങ്ങളിലൂടെ ശാസ്ത്ര പഠനം.**<br>ശാസ്ത്ര വിഷയങ്ങൾക്ക് മാത്രമായി പ്രത്യേകം ലൈബ്രറി.<br>ഡിജിറ്റൽ ലൈബ്രറി<br>പുസ്തക ശേഖരണ കാമ്പയിൻ. | ദീർഘകാലം | 75000/- | SRG<br>SSA | SSA<br>SRG<br>PTA<br>Manager |
| 8 | 3 | • **പ്രകൃതിയിലൂടെ ശാസ്ത്ര പഠനം**<br>സ്കൂളിലെ ജൈവ വൈവിധ്യപാർക്ക് പരിപോഷിപ്പിക്കൽ,<br>ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ. | | 50000/- | SRG<br>SSA | SSA<br>SRG<br>PTA<br>Manager |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 9. | 8 | ഊർജ്ജ സർവ്വേകൾ<br>ഊർജ സംരക്ഷണ ക്ലാസ്സുകൾ.<br>രക്ഷാകർതൃ ബോധ വത്ക്കരണ ക്ലാസ്സുകൾ. | | 10,000/- | SSA<br>SRG | SSA<br>സയൻസ് ക്ലബ്<br>എനർജി ക്ലബ്<br>SRG<br>PTA |
| 10. | 4 | • **ശാസ്ത്രലാബ്**<br>ആധുനിക സൗകര്യങ്ങ ളോടു കൂടിയ ശാസ്ത്ര ലാബ് നിർമ്മാണം | ദീർഘകാലം | 15,00,000/- | SRG | മാനേജർ<br>ഗവൺമെന്റ്<br>PTA<br>SSA |
| 11. | 7 | • **ലഹരി വിമുക്ത ക്യാമ്പസ്സ്, ലഹരി വിമുക്ത സമൂഹം**<br>സ്കൂൾ കുട്ടികളെ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടാതെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ.<br>ബോധവത്ക്കരണ ക്ലാസ്സ്<br>സി ഡി പ്രദർശനം<br>അഭിമുഖം. | ദീർഘകാലം | | SRG<br>PTA | SSA<br>SRG<br>സയൻസ് ക്ലബ്<br>PTA |

# ഗണിതം

## മുഖ്യലക്ഷ്യങ്ങൾ

1. കുട്ടികളിൽ ഗണിതപഠനത്തോട് ആഭിമുഖ്യവും അനുകൂല മനോഭാവവും രൂപപ്പെടുത്തുക.
2. ഗണിതക്ലാസ്സുകളിൽ ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
3. ഗണിത ക്രിയകൾ ആസ്വാദ്യകരമായി പൂർത്തിയാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
4. മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത -ശേഷികൾ നേടുന്നതിന് പ്രാപ്തരാക്കുക.
5. കുട്ടിയുടെ യുക്തി ചിന്ത വർദ്ധിപ്പിക്കുക
6. ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷയെ ഉപയോഗപ്പെടുത്തുക

## ഉപലക്ഷ്യങ്ങൾ

1. സംഖ്യാബോധം വളർത്തിയെടുക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക
2. സന്ദർഭോചിതമായി ചതുഷ്ക്രിയകൾ പ്രയോഗിക്കാനുള്ള കഴിവ് വളർത്തുക.
3. ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
4. വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഹിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക.
5. സംഖ്യകളെ താരതമ്യം ചെയ്യാനുള്ള ശേഷി വളർത്തുക.
6. അടിസ്ഥാന ഗണിതാശയ രൂപീകരണത്തിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുക.
7. ഐ.ടി.സാധ്യതകൾ പ്രയോജനപ്പെടുത്തി ഗണിതാസ്വാദനം വികസിപ്പിക്കുക.
8. ഒറിഗാമി. ഗണിതത്തിലെ നിർമ്മാണ സാധ്യതകൾ മെച്ചപ്പെടുത്തുക.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | സംഖ്യാ ബോധം നേടുന്നതിന് | സംഖ്യാകാർഡ് ഉപയോഗിച്ചുള്ള കളികൾ. സംഖ്യാഗാനങ്ങളിലൂടെ സംഖ്യകളെകുറിച്ചുള്ള ധാരണ നേടുന്ന പ്രവർത്തനം.<br>സംഖ്യാവീട്, ഗണിത കേളികൾ | ജൂൺ, ജൂലായ്, ആഗസ്ത് | 500/- | SRG<br>ക്ലാസ് അദ്ധ്യാപകൻ | SRG<br>BRC<br>DIET<br>ഗണിത അധ്യാപകൻ |
| 2. | സംഖ്യകളെ താരതമ്യം ചെയ്യുന്നു. ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു. | സംഖ്യാ വീട് കളി, ഗ്രൂപ്പ് പ്രവർത്തം, സംഖ്യാ കാർഡ് നൽകി ജോഡികളെ കണ്ടെത്തുന്നു | ജൂലായ്, ആഗസ്ത് | | SRG<br>ക്ലാസ് അദ്ധ്യാപകൻ | SRG<br>BRC<br>ഗണിത അധ്യാപകൻ |
| 3. | നാലക്ക സംഖ്യകൾ അവയുടെ താരതമ്യം. | 1. സംഖ്യാപാറ്റേൺ പൂർത്തിയാക്കൽ<br>2. ചെറുതോ വലുതോ<br>3. അബാക്കസിൽ ക്രമീകരിക്കാം<br>4. കളങ്ങൾ പൂർത്തിയാക്കൽ<br>5. നമ്പർ നൽകാം<br>6. ഐ.ടി. (മൂല്യനിർണ്ണയം) | ജൂലായ് ആഗസ്ത് | | SRG<br>ക്ലാസ് അദ്ധ്യാപകൻ | BRC<br>SRG<br>DIET<br>ഗണിത അധ്യാപകൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 4. | ചതുഷ് ക്രിയകൾ | കുസൃതി കണക്കുകൾ<br>ഗണിത കേളികൾ<br>പ്രായോഗിക പ്രശ്നങ്ങൾ | സപ്തംബർ<br>ഒക്ടോബർ | | SRG<br>ക്ലാസ് അദ്ധ്യാപകൻ | SRG<br>BRC<br>ഗണിത അധ്യാപകൻ |
| 5. | അളവുകൾ താരതമ്യം ചെയ്യൽ | പഴയകാല അളവുകളും തൂക്കങ്ങളും പരിചയപ്പെടൽ, നീളം അളക്കൽ, ഭാരം കണ്ടെത്തൽ, ദ്രാവകങ്ങളുടെ വ്യാപ്തം കണ്ടെത്തൽ | ഒക്ടോബർ | | SRG<br>ക്ലാസ് അദ്ധ്യാപകൻ | SRG<br>BRC<br>PTA<br>ഗണിത അധ്യാപകൻ |
| 6. | സമയം സെക്കന്റ്, മിനുട്ട്, മണിക്കൂർ-പരസ്പര മാറ്റം. AM,PM | ക്ലോക്കിലെ സൂചികൾ തിരിച്ചറിയുന്നു. വിശദീകരിക്കുന്നു. ബന്ധം കണ്ടെത്തുന്നു. സമയ ദൈർഘ്യം അവയിലെ വ്യത്യാസം. 24 മണിക്കൂറും ദിവസവും തമ്മിലുള്ള ബന്ധം. ഉച്ചഭക്ഷണത്തിന്റെ സമയം. ഉച്ചഭക്ഷണത്തിനുശേഷം ക്ലാസ്സ് തുടങ്ങുന്ന സമയം. ക്ലോക്ക് നിർമ്മാണം. കലണ്ടർ നിർമ്മാണം. | ജൂലായ്<br>ആഗസ്ത് | 2000/- | CPTA<br>SRG | PTA<br>SRG<br>BRC<br>ഗണിത അധ്യാപകൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 7. | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ, തിരിച്ചറിയൽ, പ്രത്യേകത കണ്ടെത്തൽ | നിർമ്മാണം (വീട് വാഹനങ്ങൾ ...) ജിയോജീബ്ര ഉപയോഗിച്ച് രൂപങ്ങൾ വരക്കൽ. ടാൻഗ്രാംപസിൽ ചിത്രങ്ങൾ പ്രൊജക്ടർ ഉപയോഗിച്ച് കാണിക്കുന്നു. ഒറിഗാമിയിൽ വിവിധ രൂപങ്ങൾ | സപ്തംബർ ഒക്ടോബർ | | SRG ക്ലാസ് അദ്ധ്യാപകൻ | PTA SRG BRC ഗണിത അധ്യാപകൻ |
| 8. | ഭിന്നസംഖ്യ എന്ന ആശയം | പകുതിയാക്കി നിറം നൽകൽ. വിവിധ രൂപങ്ങളെ പകുതിയാക്കൽ. തുല്യഭാഗങ്ങളാക്കൽ. നിശ്ചിത ഭാഗം ഷെയ്ഡ് ചെയ്യൽ. സമാനഭിന്നങ്ങൾ കണ്ടെത്തൽ. | സപ്തംബർ ഒക്ടോബർ | 1000/- | SRG ക്ലാസ് അദ്ധ്യാപകൻ | SRG BRC DIET ഗണിത അധ്യാപകൻ |
| 9. | വിവിധ അളവുകളെ 100 ന് കണക്കാക്കി പറയൽ - (ശതമാനം) | വൃത്ത ചിത്രങ്ങൾ ഭാഗങ്ങളാക്കൽ ഭിന്നത്തെ ശതമാനമാക്കൽ. | ഒക്ടോബർ നവംബർ | | ക്ലാസ് അദ്ധ്യാപകൻ | BRC SRG DIET ഗണിത അധ്യാപകൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 10. | പരപ്പളവ് , ചുറ്റളവ് | ചതുരത്തിന്റെ ചുറ്റളവ്. ചതുരത്തിനുള്ളിൽ യൂണിറ്റ് സമചതുരങ്ങൾ. ആകെ എത്ര എണ്ണം. ക്ലാസ്സ് മുറിയുടെ ചുറ്റളവ്, പരപ്പളവ് നൂലുപയോഗിച്ച് മേശയുടെ ചുറ്റിലും അളക്കുന്നു. സ്കെയിലിൽ അളന്നെടുക്കുന്നു. | നവംബർ ഡിസംബർ | | ഗണിത അധ്യാപകൻ | SRG<br>BRC<br>DIET<br>ഗണിത അധ്യാപകൻ |
| 11. | ദശാംശ സംഖ്യകൾ | നീളം അളക്കൽ (പെൻസിൽ, ഡസ്ക്ക് etc.) സെന്റീമീറ്ററിലും മില്ലിമീറ്ററിലും ഭിന്നസംഖ്യാ രൂപത്തിലും ദശാംശ രൂപത്തിലും മാറ്റുന്നു. ഭാരം അളക്കൽ, ദ്രാവകങ്ങളുടെ അളവ്, ദശാംശഭിന്നത്തെ വ്യത്യസ്ത രൂപത്തിൽ എഴുതുന്നു. | ഡിസംബർ ജനുവരി | | ഗണിത അധ്യാപകൻ | SRG<br>PTA<br>BRC<br>ഗണിത അധ്യാപകൻ |
| 12. | അഭാജ്യ സംഖ്യകൾ ഘടകങ്ങൾ അഭാജ്യഘടകങ്ങൾ. | വസ്തുക്കളെ ചതുരാകൃതിയിൽ ക്രമീകരിച്ച് ഘടകങ്ങൾ കണ്ടെത്തുന്നു. സംഖ്യകളുടെ അഭാജ്യഘടകങ്ങൾ കണ്ടെത്തുന്നു. അഭാജ്യസംഖ്യകൾ അരിപ്പയിലൂടെ കണ്ടെത്തുന്ന പ്രവർത്തനം (ഇറാത്തോസ്തനീസ്) | ഡിസംബർ ജനുവരി | | ഗണിത അധ്യാപകൻ | SRG<br>PTA<br>BRC<br>ഗണിത അധ്യാപകൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 13. | കോണുകൾ തിരിച്ചറിയുന്നു. രേഖീയ ജോഡികൾ, എതിർ കോണുകൾ, സമാന കോണുകൾ ഏകാന്തര കോണുകൾ | വശങ്ങളുടെ അളവു നൽകി കോണുകൾ വരയൽ. കോണുകളുടെ തരംതിരിവ് -അവയുടെ പ്രത്യേകതകൾ. കോൺ നിർമ്മാണം. ത്രികോണ രൂപങ്ങൾ വരയൽ. 3 കോണുകളുടെ തുക. | ജനുവരി ഫിബ്രവരി | | ഗണിത അധ്യാപകൻ | SRG BRC ഗണിത അധ്യാപകൻ |
| 14. | ന്യൂന സംഖ്യകൾ തിരിച്ചറിയുക | ഐസിന്റെ ഊഷ്മാവ്. പൂജ്യത്തേക്കാൾ താഴെയുള്ള സംഖ്യകൾ. ആരോഹണ അവരോഹണക്രമം താരതമ്യം ചെയ്യൽ. വൃത്തത്തിലെ ബിന്ദുവിന്റെ സ്ഥാനം, ബിന്ദുവിന്റെ അക്ഷം നിർണ്ണയിക്കൽ | ഫിബ്രവരി മാർച്ച് | | ഗണിത അധ്യാപകൻ | SRG BRC ഗണിത അധ്യാപകൻ |
| 15. | ഗണിത ലാബ് ശാക്തീകരണം | സ്കൂൾ തല ശില്പ ശാല | ജൂൺ | 5000/- | SRG PTA H M | BRC, PTA ഗണിത അധ്യാപകൻ |

# സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ

1. ക്ലാസിന്റെ നിലവാരമനുസരിച്ച് കുട്ടികൾ പഠന നേട്ടങ്ങൾ ആർജ്ജിക്കൽ.
2. ആർജ്ജിച്ചെടുത്ത പഠനശേഷികൾ പ്രകടിപ്പിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുക.
3. സമൂഹത്തിന്റെ എല്ലാമേഖലയിലും സൂക്ഷ്മവും ശാസ്ത്രീയവുമായ നിരീക്ഷണപാടവം വളർത്തുക.
4. മൂല്യങ്ങൾ, മനോഭാവങ്ങൾ, പ്രതിബദ്ധത തുടങ്ങിയവ കുട്ടികളിൽ വളർത്തുക.

## ഉപലക്ഷ്യങ്ങൾ

1.1 : യൂണിറ്റാസൂത്രണം, സൂക്ഷ്മാസൂത്രണം സമയബന്ധിതമായി പൂർത്തിയാക്കുന്നു. പരിശോധിക്കുന്നു.

1.2 : കുട്ടിക്ക് പഠനനേട്ട കലണ്ടർ നിർമ്മിക്കുന്നു, രേഖപ്പെടുത്തുന്നു.

1.3 : CPTA വിളിച്ചുചേർത്ത് പഠനനേട്ടം വിലയിരുത്തുന്നു. പരിഹാരനടപടി ആവശ്യമെങ്കിൽ തയ്യാറാക്കുന്നു.

2.1 : പഠനശേഷികൾ പ്രദർശിപ്പിക്കാൻ, ക്ലാസിലും സ്കൂളിലും വേദികൾ സൃഷ്ടിക്കുന്നു.

2.2 : രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും വിലയിരുത്താൻ അവസരമൊരുക്കുന്നു.

2.3 : പഠനശേഷികൾ നിലനിർത്താൻ പ്രോത്സാഹനം, അംഗീകാരങ്ങൾ, നിർദ്ദേശങ്ങൾ ആവിഷ്കരിക്കുന്നു.

3.1 : സമൂഹത്തെ മനസിലാക്കാൻ പൊതുവായും, ക്ലാസിലും അവസരങ്ങൾ സൃഷ്ടിക്കുന്നു.

3.2 : യാത്രകൾ, സന്ദർശനം, അഭിമുഖം, ശിൽപശാല തുടങ്ങിയവയിലൂടെ സൂക്ഷ്മ നിരീക്ഷണബോധം വളർത്തുന്നു.

3.3 : ശാസ്ത്രീയമായും, നേരനുഭവമായും പഠനാന്തരീക്ഷം ഒരുക്കുന്നു.

4.1 : ദേശീയത, ജനാധിപത്യബോധം, ലിംഗസമത്വം, സാഹോദര്യം മതേതരത്വം എന്നിവ വളർത്താനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

4.2 : സാമൂഹിക സേവനം, കാരുണ്യപ്രവർത്തനങ്ങൾ, വ്യക്തിത്വവികസനം തുടങ്ങിയവയിലൂന്നിയ പ്രത്യേക പരിപാടികൾക്ക് നേതൃത്വം നൽകുന്നു.

4.3 : ഓരോ കുട്ടിക്കും സ്വന്തം ജീവിതമുദ്രാവാക്യം സൃഷ്ടിക്കാൻ ആത്മധൈര്യവും ഊർജ്ജവും പകരുന്നു.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1 | അതാത് ക്ലാസിൽ നിന്നും കുട്ടി പഠനനേട്ടങ്ങൾ കരസ്ഥ മാക്കുന്നു | ■ ഭൂപട നിരീക്ഷണം<br>• രാജ്യം<br>• സംസ്ഥാനം<br>• ജില്ല<br>• നദികൾ<br>• മലകൾ<br>• തലസ്ഥാനങ്ങൾ<br>• ചരിത്രസ്ഥലങ്ങൾ<br>• രാഷ്ട്രീയം<br>• നഗരങ്ങൾ | ജൂൺ മാർച്ച് | | | SRG<br>BRC<br>PTA |
| | | ■ ഡിജിറ്റൽ ആൽബം<br>■ പദസൂര്യൻ<br>• അടിസ്ഥാന വിവരങ്ങൾ സ്വാംശീകരിക്കുന്നതിന് | ആവശ്യമായ സമയം | | CPTA<br>SRG<br>ക്ലാസ് അദ്ധ്യാപകൻ | SRG<br>വിഷയ അധ്യാപകൻ |
| | | ■ പ്രൊജക്ട്<br>• ഓരോ ടേമിലും ഉയർന്ന പഠനശേഷി ആവശ്യമായ വിഷയം | ആഗസ്ത്, നവംബർ, മാർച്ച് | 2500/- | | SRG |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| | | ■ തരം തിരിക്കാം.<br>• സ്വാതന്ത്ര്യത്തിനുമുമ്പും പിമ്പും<br>• വാസ്തുവിദ്യാശൈലി .തിണകൾ<br>• യുഗ സംഭവങ്ങൾ<br>■ വീഡിയോ കോൺഫറൻസ്<br>• നഗര -ഗ്രാമ വ്യത്യാസങ്ങൾ<br>• നഗരാസൂത്രണം<br>■ ദിനാചരണങ്ങൾ<br>■ ടൈംലൈൻ നിർമ്മാണം<br>• സ്വാതന്ത്ര്യസമര സംഭവങ്ങൾ<br>• വിദേശീയർ ഇന്ത്യയിലേക്ക് വന്നത്<br>■ സ്ക്രിപിറ്റ് രചന- നാടകാവിഷ്കാരം<br>■ പട്ടികപ്പെടുത്താം<br>■ ക്വിസ്സ്<br>■ ചിത്രവിശകലനം<br>■ സെമിനാർ<br>• നവോത്ഥാനം- ചരിത്രം, ഫലം<br>• ഈസ്റ്റ് ഇന്ത്യാകമ്പനി<br>• ഡൽഹി, ആധിപത്യം<br>■ രൂപരേഖ, പ്ലാൻ | ആഗസ്ത്<br><br>ഡിസംബർ<br><br>ജൂൺ- മാർച്ച്<br>ടേം 1,2,3 | 15000/- | CPTA<br>PTA<br>SRG<br>ക്ലാസ് അദ്ധ്യാപകൻ<br>H M<br>BRC | വിഷയ അദ്ധ്യാപകൻ<br>"<br>ക്ലബ് കൺവീനർ<br>വിഷയ അദ്ധ്യാപകൻ<br>" |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 2. | ആർജ്ജി ച്ചെടുത്ത പഠനശേഷികൾ പ്രകടിപ്പിക്കാൻ കുട്ടിക്ക് അവസരം ലഭ്യമാക്കുക | ■ ഭൂപട നിർമ്മാണം<br>• വൈവിധ്യമാർന്ന രീതിയിൽ (മഞ്ചാടി, പൂഴി)<br><br>■ എക്സിബിഷൻ<br>• പഴയകാല ഉപകരണം, വസ്ത്രം etc.<br>• വിത്തുകൾ, മണ്ണിനങ്ങൾ<br><br>■ ആൽബം നിർമ്മിക്കാം<br>■ മോക് ഗ്രാമസഭ<br>■ ഗ്ലോബ് നിർമ്മാണം<br>■ കൊളാഷ്<br>■ പോസ്റ്റർ<br>■ മൈമിംഗ്<br>■ നാടകം<br>■ ശാസ്ത്രമേള | ഓരോ ടേമിലും<br><br>ആഗസ്ത് നവംബർ<br><br>ജനുവരി ആഗസ്ത് നവംബർ<br><br>നവംബർ | 5,000/- | ക്ലാസ് അധ്യാപകൻ SRG PTA | വിഷയ അധ്യാപകൻ WE ടീച്ചർ<br><br>CPTA വിഷയ അധ്യാപകൻ<br><br>PTA CPTA വിഷയ അധ്യാപകൻ SRG |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 3. | സമൂഹത്തിന്റെ എല്ലാ മേഖലയിലും സൂക്ഷ്മവും ശാസ്ത്രീയവു മായ നിരീക്ഷണ പാടവം വളർത്തുക | ■ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസുകൾ<br>• ജനാധിപത്യ സംവിധാനം (ത്രിതലപഞ്ചായത്തംഗങ്ങൾ<br>• കാർഷികാടിത്തറ (കർഷകർ, കൃഷിഭവൻ)<br>• സ്വാതന്ത്ര്യസമരചരിത്രം (ഗവേഷകർ)<br>• കലാപാരമ്പര്യം (ഫോക്‌ലോർ അക്കാദമി)<br>• നിയമ പരിപാലനം (പോലീസ്, സൈബർ സെൽ)<br>• ഭൗമ വിജ്ഞാനം (ഗവേഷകർ) | ആഗസ്ത് മുതൽ ഫിബ്രവരി | | | SRG<br>PTA<br>BRC<br>സന്നദ്ധ പ്രവർത്തകർ<br>വിഷയ അധ്യാപകൻ |
| | | ■ ഗ്രാമസഭ<br>■ പഠനയാത്ര<br>■ മ്യൂസിയം സന്ദർശനം | | | | വിഷയ അധ്യാപകൻ<br>PTA, SSA |
| | | ■ സ്കൂൾ പാർലമെന്റ്<br>• തെരഞ്ഞെടുപ്പ്<br>• മന്ത്രിസഭ<br>• പ്രവർത്തനം | ജൂലൈ മുതൽ മാർച്ച് | | | SRG<br>ക്ലബ്ബുകൾ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| | | ■ കലാരൂപങ്ങൾ നേരനുഭവം<br>• തെയ്യം<br>• കഥകളി<br><br>■ കെട്ടിട നിർമാണം<br>• വാസ്തു വിദ്യാശൈലി<br><br>■ ലഘു കണ്ടുപിടുത്തങ്ങൾ<br>• രാത്രി -പകൽ<br>• ഋതുഭേദങ്ങൾ തുടങ്ങിയവ മനസ്സിലാക്കാൻ<br><br>■ ശില്പശാലകൾ<br>■ സർവ്വെ | ഡിസംബർ/ ജനുവരി<br><br>നവംബർ<br><br>സെപ്തംബർ<br><br>ജൂലായ് മുതൽ ഫിബ്രവരി | 10,000/- | CPTA<br>PTA<br>HM<br>SRG<br>ക്ലാസ് അദ്ധ്യാപകൻ | SRG<br>PTA<br><br>പരിശീലനം ലഭിച്ചവർ വിഷയാധ്യാപകൻ<br><br>CPTA<br>വിഷയാ ധ്യാപകൻ<br><br>SRG, PTA<br>BRC |
| 4. | മൂല്ല്യങ്ങൾ മനോഭാവങ്ങൾ പ്രതിബദ്ധത തുടങ്ങിയവ കുട്ടികളിൽ വളർത്തുക | ■ പോസ്റ്റർ രചന<br>■ കൊളാഷ്<br><br>■ സീറോ- വേസ്റ്റ് പഞ്ചായത്ത്.<br>• ഹരിത സേനാരൂപീകരണം<br>• മാലിന്യനിർമ്മാർജ്ജന സെമിനാർ<br>• ബദൽ മാർഗ്ഗമൊരുക്കൽ<br>• ഗ്രീൻ പോലീസ് | ജൂൺ മാർച്ച് | | | വിഷയ അധ്യാപകൻ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| | | • പേപ്പർ പേന, ബാഗ് നിർമ്മാണം<br>• നിവേദനം<br>• പ്ലാസ്റ്റിക് ഫ്രണ്ട്ലി ക്യാമ്പയിൻ<br>• ഹരിത വണ്ടി മാതൃകായാത്ര<br>• പഞ്ചായത്തുതല സെമിനാർ<br><br>■ വിമുക്തി ലഹരിവിരുദ്ധ ക്യാമ്പയിൻ<br>• ബോധവൽക്കരണക്ലാസ്<br>• പാരന്റ്സ് സെൽ രൂപീകരണം<br>• ലഘുലേഖ, പോസ്റ്റർ<br>• പോലീസ് സഹായഹസ്തം.<br><br>■ പ്രതിമാ നിർമ്മാണം<br>• നവോത്ഥാന നായകർ<br>• സ്വാതന്ത്ര്യ സമര സേനാനികൾ<br><br>■ ചിത്രച്ചുമർ<br>• വാഗൺ ട്രാജഡി<br>• ഒന്നാം സ്വാതന്ത്ര്യസമരം<br>• സ്വാതന്ത്ര്യദിനം 1947<br>• യുദ്ധം- വിയറ്റ്നാം, ലോകമഹായുദ്ധം, ഹിരോഷ്മ<br>• ദാരിദ്ര്യ ദുരന്തങ്ങൾ | വാർഷിക പദ്ധതി | 5000 | CPTA<br>PTA<br>SRG | പഞ്ചായത്ത്<br>വിഷയാധ്യാപകൻ<br>SRG<br><br>എക്സൈസ്<br>PTA<br>വിഷയാധ്യാപകൻ<br><br>പ്രഗത്ഭ അധ്യാപകൻ<br><br>വിഷയാധ്യാപകൻ<br>SRG |

# സംസ്കൃതം

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും സംസ്കൃതഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുക.
2. സംസ്കൃത ഭാഷാപഠനം ലളിതവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
3. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
4. സംസ്കൃത ഭാഷയോട് കുട്ടികൾക്കുള്ള താല്പര്യം വളർത്തിക്കൊണ്ടുവരിക.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | അക്ഷരം, വാക്ക് വാചകം എന്നിവയിൽ ക്രമാനുഗതമായി കുട്ടി കഴിവ് നേടുന്നു | വിഭക്തി പരിചായനം | ഒരുവർഷം | | ക്ലാസ് അദ്ധ്യാപകൻ | സംസ്കൃതം അധ്യാപിക |
| 2. | സംസ്കൃതത്തിൽ ആശയവിനിമയം സാധ്യമാകുന്നു | സംഭാഷണ ശിബിരം | വർഷത്തിൽ ഒരിക്കൽ | | ക്ലാസ് അദ്ധ്യാപകൻ | സംസ്കൃതം അധ്യാപിക |
| 3. | സർഗ്ഗാത്മക കഴിവുകൾ സംസ്കൃതത്തിൽ അവതരിപ്പിക്കുന്നു | സംസ്കൃതം അസംബ്ലി മാസത്തിലൊരിക്കൽ | 2018 ജൂൺ മുതൽ 2019 മാർച്ച് വരെ | | SRG | സംസ്കൃതം അധ്യാപിക സംസ്കൃതം ക്ലബ്ബ് |
| 4. | വായന പരി പോഷണം | സംസ്കൃതം ലൈബ്രറി | 2018 ജൂൺ മുതൽ | 5000/- | ക്ലാസ് അദ്ധ്യാപകൻ CPTA | സംസ്കൃതം അധ്യാപിക സംസ്കൃതം ക്ലബ്ബ് |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 5. | സാമൂഹിക പങ്കാളിത്തോടെ സംസ്കൃതത്തിൽ താൽപര്യം വളർത്തുന്നു | സംസ്കൃത പഠന യാത്ര | വർഷത്തിൽ ഒരിക്കൽ | 10000-/- | SRG<br>PTA | സംസ്കൃതം അധ്യാപിക<br>സംസ്കൃതം കുട്ടികൾ |
| 6. | സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു | കലാസംസ്കൃതം | വർഷത്തിൽ ഒരിക്കൽ | 5000/- | SRG<br>HM | സംസ്കൃതം അധ്യാപിക<br>സംസ്കൃതം കുട്ടികൾ |
| 7. | സാങ്കേതിക വിദ്യയുപയോഗിച്ച് പഠനം രസകരവും ലളിതവുമാകുന്നു | സംസ്കൃത ഭാഷയിൽ ഐ. ടി. പഠന സാധ്യത | ഒരു വർഷം | 1000/- | I T ടീച്ചർ<br>വിഷയധ്യാപിക<br>SRG | സംസ്കൃതം അധ്യാപിക |

# അറബിക്

## ലക്ഷ്യങ്ങൾ

1. ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷാപഠനം കുട്ടികളിൽ വികസിപ്പിക്കൽ.
2. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക.
3. വായനയിലൂടേയും എഴുത്തിലൂടേയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.
4. ഭാഷാപഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.
5. സർഗ്ഗകഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസി പ്പിക്കുക.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | അറബിക്ക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | പ്രീടെസ്റ്റ് | ആദ്യ ആഴ്ച | | SRG<br>CPTA | അറബിക് ടീച്ചർ |
| 2. | അറബിഭാഷയിൽ അടിസ്ഥാന ശേഷി നേടുന്നു | 'അറബിക് മധുരം'<br>(ICT) | ആദ്യ രണ്ടു മാസം | | SRG<br>ക്ലാസ് അദ്ധ്യാപകൻ | അറബിക് ടീച്ചർ |
| 3. | അറബിക് ഭാഷയിലെ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.<br>വായന പരിപോഷിപ്പിക്കുന്നു | വായനാ ലോകം<br>അറബിക് ലൈബ്രറി<br>നല്ല വായന<br>• ചിത്ര കഥ<br>• കവിതകൾ<br>• ക്വിസ്<br>ക്ലാസ് വായന | വർഷം മുഴുവൻ<br>2 ദിനം<br>വർഷം മുഴുവൻ | 5000/- | SRG<br>CPTA<br>PTA<br>ക്ലാസ് അദ്ധ്യാപകൻ | അറബിക് ടീച്ചർ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 4. | അറബിഭാഷയിൽ ആശയ വിനിമയം സാധ്യമാകുന്നു | പദപരിചയം (ഒരു ക്ലാസിൽ ഒന്ന്) | ജൂൺ - മാർച്ച് | | ക്ലാസ് അദ്ധ്യാപകൻ | അറബിക് ടീച്ചർ |
| 5. | സർഗ്ഗാത്മക കഴിവുകൾ അറബി ഭാഷയിൽ പ്രകടിപ്പിക്കാനുള്ള കഴിവ് നേടുന്നു | 'അറബിക് ഫെസ്റ്റ്' | ഡിസംബർ 18 | 2000/- | SRG<br>HM<br>PTA | അറബിക് ടീച്ചർ |
| 6. | അറബി ഭാഷയിൽ ലേഖന കഴിവ് മെച്ചപ്പെടുത്തുന്നു | നല്ല എഴുത്ത്<br><br>എഴുത്തിന്റെ ലോകം | ജൂൺ മാർച്ച്<br><br>മാർച്ച് | 1000/- | CPTA<br>SRG | അറബിക് ടീച്ചർ<br><br>" |

# ഉറുദു

## ലക്ഷ്യങ്ങൾ

1. ഉറുദു ഭാഷാ പഠനത്തിൽ കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന ഉറുദു ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ഉറുദു ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.
4. ഒഴുക്കോടെയും ശരിയായ ഉച്ചാരത്തോടെയും ഉറുദുഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
5. ലോകഭാഷകളിൽ മുന്നിട്ട നിൽക്കുന്ന പ്രധാന ഭാഷ എന്ന നിലയിൽ വായനയിലൂടെ അറിവ് നേടുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമിൽ ഒരുക്കുക.
6. ഉറുദു ഭാഷയിൽ വായനാശീലം വളർത്തുക. ഉറുദുഭാഷാ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കും.
7. ഉറുദു ഭാഷാ പഠനത്തിൽ ഐട്ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവും ശേഷിയും നേടുക.
8. ഉറുദു ഭാഷാ പഠനശേഷി വികസിപ്പിക്കുക ഭാഷാപഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന്
9. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഉറുദുഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും വളർത്തുക.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | വായനാ പരിപോഷണത്തിന് ലൈബ്രറി ഒരുക്കുന്നു. | **ലൈബ്രറി ശാക്തീകരണം**<br>തിരഞ്ഞെടുത്ത ലളിതമായ 101 പുസ്തക ഉറുദു ലൈബ്രറി<br>30 ഉറുദു കഥബുക്ക്,<br>20 ഉറുദു ചിത്രകഥാബുക്ക്,<br>20 ഉറുദു കൊച്ചു പദ്യബുക്ക്<br>30 ലേഖന (വിവരണ) ബുക്ക്,<br>1 ഉറുദു ക്വിസ് ബുക്ക് | ജൂൺ - ഡിസംബർ | 5,000/- | SRG | SRG<br>PTA<br>ഉറുദു ടീച്ചർ |
| 2. | ഉറുദു ഭാഷയിൽ ആശയ വിനിമയം സാധ്യമാക്കുന്നു. | **എഴുത്ത്**<br>ക്ലാസ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായനാകാർഡ് നിർമ്മാണം | ഒരു വർഷം | 1,000/- | SRG | ഉറുദു ടീച്ചർ |
| 3. | ഉറുദു പഠനത്തോട് താൽപര്യം വളർത്തുന്നു. | **മത്സരങ്ങൾ**<br>1. ക്വിസ്<br>2. പദനിർമ്മാണം<br>3. പദ പ്രശ്നം<br>4. കളറിംഗ്<br>5. മെമ്മറി ടെസ്റ്റ്<br>6. കഥപറയൽ<br>7. പദപയറ്റ് | ജൂൺ - ഡിസംബർ | 500/- | SRG | ഉറുദു ടീച്ചർ<br>SRG |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 4. | കലാപരമായ കഴിവ് വർദ്ധിപ്പിക്കുന്നു ഭാഷാ സ്നേഹം വളർത്തുന്നു. സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | ദിനാചരണങ്ങൾ | ഒരു വർഷം | 2000/- | SRG | SRG ടീച്ചർ |
| 5. | സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്നു. | ഉറുദു ഫെസ്റ്റ് | ഒരു വർഷം | 5000/- | SRG | SRG PTA |
| 6. | ഐ.ടി. പഠനം | ഉറുദുഭാഷയിൽ ഐ.ടി. പഠനം | ഒരു വർഷം | | SRG | SRG ഉറുദു ടീച്ചർ |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടിക്കും ആരോഗ്യ-കായികക്ഷമത ഉറപ്പു വരുത്തുക. | • എല്ലാ ദിവസവും വ്യായാമം<br>• ഡ്രിൽ<br>• ആരോഗ്യ പരിശോധന<br>• തിയറി ക്ലാസ്<br>• അഭിമുഖം -ഡോക്ടർ, കായിക താരങ്ങൾ | ജൂൺ - ഡിസംബർ | | ക്ലാസ് അധ്യാപകൻ | PTA ക്ലാസ് ടീച്ചർ |
| 2. | ആരോഗ്യ ശീലം വളർത്തുക | • വ്യക്തി ശുചിത്വം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നു.<br>• ചുമർ കാർഡുകൾ കുട്ടികൾ തയ്യാറാക്കി പതിക്കുന്നു.<br>• മാസിക തയ്യാറാക്കുന്നു<br>• ലഘുലേഖ തയ്യാറാക്കൽ | ജൂൺ - സെപ്തംബർ | 1500/- | ക്ലാസ് അധ്യാപകൻ | ക്ലാസധ്യാപകർ PET ടീച്ചർ |
| 3. | ആധുനിക സാങ്കേതിക വിദ്യ യുടെ സഹായ ത്തോടെ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. മാനസികാരോഗ്യം നേടുന്നു. | • കായിക മുറി<br>• ഉപകരണങ്ങൾ ലഭ്യമാക്കുന്നു<br>• ജിംനാസ്റ്റിക് പരിശീലനം<br>• കരാട്ടെ പരിശീലനം<br>• സൈക്കിൾ പരിശീലനം<br>• നീന്തൽ പരിശീലനം<br>• എയ്റോബിക് പരിശീലനം<br>• യോഗാ പരിശീലനം | ജൂൺ - ഫെബ്രുവരി | 5000/- | SRG CPTA PTA | പരിശീലനം ലഭിച്ച അധ്യാപകർ CPTAപ്രസിഡണ്ട് PET ടീച്ചർ |

## പ്രവൃത്തി പഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ | ചുമതല പിന്തുണ |
|---|---|---|---|---|---|---|
| 1. | മാനവ ശേഷി വികസനം | • തൊഴിലാഭിമുഖ്യം വളർത്താൻ<br>• കൈത്തൊഴിൽ പരിശീലനം | ജൂൺ – മാർച്ച് | 2,000/- | CPTA<br>PTA | WE ടീച്ചർ<br>പരിശീലനം ലഭിച്ചവർ |
| 2. | കാർഷിക വൃത്തിയിലുള്ള അഭിരുചിയും നൈപുണ്യവും വളർത്തുക | • ജൈവകൃഷി • ഫലത്തോട്ടം<br>• സന്ദർശനം • അഭിമുഖം<br>• ലഘുഭക്ഷണം തയ്യാറാക്കാൻ<br>• പരിശീലനം | ജൂൺ – മാർച്ച് | 2,000/- | SRG<br>PTA | WE ടീച്ചർ<br>പരിശീലനം ലഭിച്ചവർ |
| 3. | സന്തുലിത വ്യക്തിത്വ വികസനം | • ക്യാമ്പ് • സെമിനാർ<br>• തൊഴിൽശാലാ സന്ദർശനം<br>• പരിശീലനം | ജൂൺ – മാർച്ച് | 10,000/- | SRG<br>PTA | SRG<br>കൺവീനർ<br>WE ടീച്ചർ |
| 4. | തൊഴിലിനോട് അഭിരുചി വളർത്താൻ അയവുള്ള സമീപനം | • ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം<br>• പാഠ്യപദ്ധതിയിലുൾപ്പെടുത്തി പാഠപ്രവർത്തനങ്ങളായി പ്രവൃത്തിപരിചയ പഠനം | ജൂൺ – മാർച്ച് | 10,000/- | ക്ലാസ് അധ്യാപകൻ | CPTA<br>PTA<br>WE ടീച്ചർ |
| 5. | പ്രവൃത്തി പരിചയ ഉത്സവം | • കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ മേളകൾ • രക്ഷിതാക്കളുടേയും നാട്ടുകാരുടേയും സാന്നിധ്യത്തിൽ പ്രദർശനങ്ങൾ • അവാർഡുകൾ | ഫെബ്രുവരി | 10,000/- | CPTA<br>PTA<br>HM | CPTA<br>PTA<br>WE ടീച്ചർ |